# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

28.06.2012 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ.4294

## പുതിയ പോളിടെക്നിക്കുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. കെ. ദാസൻ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) |
| എ) കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് പോളിടെക്നിക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ എത്ര സ്ഥാപനങ്ങൾ എവിടെയെല്ലാമാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; കേന്ദ്ര നിർദ്ദേശം വെളിപ്പെടുത്താമോ; | ബി) തിരുവനന്തപുരത്തും കോഴിക്കോട്ടും (ഓരോ സ്ഥാപനങ്ങൾ വീതം). സംസ്ഥാനങ്ങളിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പോളിടെക്നിക്കുകൾ ആരംഭിക്കുന്ന പദ്ധതിയാണ് കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. ഇതു പ്രകാരം 3 കോടി രൂപ കേന്ദ്ര സർക്കാർ വിഹിതവും ബാക്കി വരുന്ന തുക സംസ്ഥാനവും സ്വകാര്യ പങ്കാളിയും ചേർന്ന് വഹിക്കേണ്ടതുമാണ്. |
| സി) പ്രസ്തുത സ്ഥാപനങ്ങൾ പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലായിരിക്കുമോ; വിശദ വിവരങ്ങൾ നൽകാമോ; അല്ലെങ്കിൽ ഏതു മാനദണ്ഡപ്രകാരമുള്ള സംവിധാനത്തിലായിരിക്കുമെന്ന് വ്യക്തമാക്കുമോ; | സി) ഇവയിൻമേൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. |
| ഡി) നിലവിൽ പോളിടെക്നിക് ഇല്ലാത്ത നിയമസഭാ മണ്ഡലങ്ങൾ ഇതിനായി പരിഗണിക്കാമോ? | ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ